# ഹസനുൽ ബസ്വരി (رحمه الله)

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

**കുടുംബം:**
**അൽ ഹസൻ ഇബ്നുൽ ഹസൻ യസാർ അബൂസഈദ് എന്നാണ് പേര്. സൈദ്ബ്നു ഥാബിത് അൽ അൻസാരിയുടെ അടിമയായിരുന്നു. അതുപോലെ തന്നെ അബുൽ യുസ്ർ കഅ്ബ്നു അംറ് അസ്സുലമിയുടെ മൗലയായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്. ഹസനുൽ ബസ്വരി(رحمه الله)യുടെ പിതാവ് ജമീൽ ഇബ്നു കുത്വുബയുടെ മൗലയായിരുന്നു. മദീനയിലാണ് താമസിച്ചിരുന്നത്. ഉമറുബ്നുൽ ഖത്വാബ്(رضي الله عنه)വിൻെറ ഖിലാഫത്തിൻെറ കാലത്ത് സ്വതന്ത്രനാവുകയും അവിടെ വെച്ച് തന്നെ വിവാഹിതനാവുകയും ചെയ്തു. ഉമർ(رضي الله عنه)വിൻെറ ഖിലാഫത്ത് അവസാനിക്കാൻ രണ്ട് വർഷം അവശേഷിക്കുന്ന സമയത്താണ് അദ്ദേഹത്തിന് ഹസൻ(رحمه الله) ജനിക്കുന്നത്. വിശ്വാസിനികളുടെ മാതാവായിരുന്ന ഉമ്മുസലമ(9)ക്ക് സേവനം ചെയ്തിരുന്ന പ്രിയപ്പെട്ട അടിമയായിരുന്നു ഹസനുൽ ബസ്വരി(رحمه الله)യുടെ ഉമ്മ.**

**ജനനം:**
**മദീനയിൽ സ്വഹാബാക്കൾക്കിടയിലാണ് ജനിച്ചതും വളർന്നതും. കാബൂളിലേക്ക് യാത്ര പോയി, മുആവിയ്യ: ഇബ്നു അബൂസുഫ്യാനിൻെറ കാലഘട്ടത്തിൽ ഖുറാസാനിലെ റബിഅ്ബ്നു സിയാദിൻെറ എഴുത്തുകാരനായിരുന്നു. അതിന് ശേഷം ബസ്വറയിൽ താമസമാക്കുകയുണ്ടായി. അങ്ങിനെയാണ് ഹസനുൽ ബസ്വരിയെന്നപേരിൽ അറിയപ്പെടുന്നത്. സ്വഹാബാക്കളിൽ നിന്നാണ് ദീൻ പഠിച്ചത്. അവരിൽ നിന്ന് ധാരാളം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ധാരാളം സ്വഹാബാക്കളെ കാണുകയുണ്ടായി. ഉഥ്മാനുബ്നു അഫ്ഫാൻ(رضي الله عنه), ത്വൽഹബ്നു ഉബൈദില്ല(رضي الله عنه) പോലെയുള്ള വലിയ സ്വഹാബക്കൾക്കിടയിലാണ് അദ്ദേഹം ജീവിച്ചതും, വളർന്നതും.**

**അറിവും ആരാധനകളും:**
**ധാരാളം നോമ്പനുഷ്ടിക്കുകയും, നമസ്കരിക്കുകയും ചെയ്യുന്ന ആളായിരുന്നു ഹസനുൽ ബസ്വരി(رحمه الله). തിങ്കളാഴ്ചയും, വ്യാഴാഴ്ചയും, പവിത്രമാക്കപ്പെട്ട മാസങ്ങളിലും നോമ്പനുഷ്ടിക്കാറുണ്ടായിരുന്നു അദ്ദേഹം.**

**അനസ്ബ്നു മാലിക്(رضي الله عنه) പറയാറുണ്ടായിരുന്നു: നിങ്ങൾ ഹസനോട് ചോദിക്കുക, അദ്ദേഹം മന:പാഠമാക്കിയിരിക്കുന്നു, നമ്മൾ മറക്കുകയും ചെയ്തു.**

**ഖത്വാദ(رحمه الله) പറയുന്നു: ജനങ്ങളിൽ ഹലാലിനെ കുറിച്ചും, ഹറാമിനെ കുറിച്ചും ഏറ്റവും കൂടുതൽ അറിയുന്നത് ഹസനുൽ ബസ്വരിയാണ്.**

**മരണം:**
**ഹിജ്റ 110-ാം വർഷത്തിൽ ബസ്വറയിൽ വെച്ചാണ് അദ്ദേഹം വഫാത്താകുന്നത്.**